LIBRARY ARCHIVES Kerala Legislative Assembly

കുറിപ്പടിയിൽ മരുന്നുകളുടെ ജനറിക് നാമം

63 (4866) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡോക്ടർമാർ നൽകുന്ന കുറിപ്പടിയിൽ മരുന്നുകളുടെ ജനറിക് നാമം എഴുതണമെന്ന് സർക്കാർ നിർദ്ദേശം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡോക്ടർമാർ രോഗികൾക്ക് നൽകുന്ന കുറിപ്പടികളിൽ ബന്ധപ്പെട്ട മരുന്നുകളുടെ ജനറിക് നാമം വളരെ വ്യക്തമായും വായിക്കാവുന്നവിധത്തിലും എഴുതണമെന്നും ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ച വരുത്തുന്നത് ഗുരുതരമായ കൃത്യവിലോപമായി കണ്ട് അത്തരം ഡോക്ടർമാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുന്നതാണെന്നും 9-6-2014-ലെ സ.ഉ.(സാധാ) നമ്പർ 1895/2014/ ആ.ക.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

വൃക്കരോഗികളുടെ എണ്ണത്തിലുള്ള വർദ്ധനവ്

64 (4867) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇവ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭ്യമായ കണക്കുകൾപ്രകാരം സംസ്ഥാനത്ത് വൃക്കരോഗികളുടെ എണ്ണത്തിൽ വർഷംതോറും ഇരുപത് ശതമാനത്തോളം വർദ്ധനവ് ഉണ്ടാകുന്നുണ്ട്. പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ ജീവിതശൈലീ രോഗങ്ങളും പുകവലി പോലെയുള്ള ദുശ്ശീലങ്ങളുമാണ് വൃക്കരോഗങ്ങൾ ക്രമാതീതമായി